സാമ്പത്തിക സാക്ഷരതാ വാരം

ജൂൺ 4-8, 2018

# റിസ്ക് Vs റിട്ടേൺ

## (റിസ്ക്കും പ്രതിഫലവും)



ഒറ്റ രാത്രികൊണ്ട് നിങ്ങൾക്ക് സമ്പന്നനാകാൻ പറ്റുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

ഹ്രസ്വകാലം കൊണ്ട് വളരെ ഉയർന്ന ആദായം നേടാൻ നിങ്ങൾക്ക് കഴിയുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ ?

*ജാഗ്രതയോടെ ചിന്തിക്കുക*

**ഉയർന്ന ആദായം പ്രതീക്ഷിക്കപ്പെടുന്നതിന് പിന്നിൽ ഉയർന്ന നഷ്ട സാധ്യതയുമുണ്ട്**

### അടിസ്ഥാന തത്ത്വങ്ങൾ

പ്രതിഫലം പോലെ തന്നെ നഷ്ടസാധ്യതയും ഉണ്ട് എന്നതാണ് സാമ്പത്തിക ഉൽപ്പന്നങ്ങളിൽ നിക്ഷേപിക്കുകയോ സമ്പാദിക്കുകയോ ചെയ്യുമ്പോൾ മനസ്സിൽ സൂക്ഷിക്കേണ്ട അടിസ്ഥാന നിക്ഷേപ തത്ത്വം. ഉയർന്ന പ്രതിഫലം പ്രതീക്ഷിക്കപ്പെടുന്നതിൽ ഉയർന്ന റിസ്ക്കും വൻ നഷ്ടസാധ്യതപോലും ഉണ്ട് എന്ന കാര്യം ഓർക്കുക

### കൃത്യമായ ശ്രദ്ധ

ഹ്രസ്വ കാലത്തിനുള്ളിൽ ഉയർന്ന അല്ലെങ്കിൽ ഉറപ്പായ പ്രതിഫലം വാഗ്ദാനം ചെയ്യുന്ന അനിയന്ത്രിത സ്ഥാപനങ്ങളുടെ പ്രലോഭനത്തിന് വശപ്പെടും മുമ്പ് ഏതൊരു വ്യക്തിയും ശരിയായ അന്വേഷണം നടത്തുകയും കൃത്യമായ ജാഗ്രത പുലർത്തുകയും ചെയ്യേണ്ടതാണ്. അത്തരം വാഗ്ദാനങ്ങൾ നടത്തുന്ന പദ്ധതികൾ തട്ടിപ്പായിരിക്കാം. നിങ്ങൾ കഠിനാധ്വാനം ചെയ്തുണ്ടാക്കിയ പണം സമാഹരിച്ച ശേഷം അതിന്റെ നടത്തിപ്പുകാർ അപ്രത്യക്ഷരായേക്കാം.

### സാഷേ പോർട്ടൽ

ഏത് പദ്ധതി പ്രകാരമായാലും സമാഹരിച്ച നിക്ഷേപം അല്ലെങ്കിൽ പണം തിരികെ കൊടുക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ള സ്ഥാപനത്തെക്കുറിച്ച് വിവരം നൽകുന്നതിനോ അത്തരം സ്ഥാപനങ്ങൾക്കെതിരെ പരാതി സമർപ്പിക്കുന്നതിനോ www.sachet.rbi.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### ബാങ്ക് നിക്ഷേപങ്ങൾ സുരക്ഷിതമാണോ ?

ബാങ്കുകൾ ആർബിഐയാൽ നിയന്ത്രിക്കപ്പെടുകയും ആർബിഐ അവയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നതിനാലും, ബാങ്ക് ഇടപാടുകളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ബാങ്കിംഗ് ഓംബുഡ്സ്മാൻ സ്കീം എന്ന സംവിധാനം ഉള്ളതിനാലും ബാങ്ക് നിക്ഷേപങ്ങൾ സുരക്ഷിതമാണ്.

### നിക്ഷേപത്തിന്മേലുള്ള ഉറപ്പ് ( ഡെപ്പോസിറ്റ് ഗാരന്റി )

ഒരു വ്യക്തിയുടെ ഓരോ ബാങ്കിലേയും നിക്ഷേപത്തിന് ഡെപ്പോസിറ്റ് ഇൻഷുറൻസ് ആന്റ് ക്രെഡിറ്റ് ഗാരന്റി കോർപ്പറേഷൻ ഒരു ലക്ഷം രൂപ വരെ ഉറപ്പ് ( ഗാരന്റി ) നൽകുന്നുണ്ട്.

സാമ്പത്തിക സാക്ഷരത • സമൃദ്ധിയിലേക്കുള്ള പാത

**റിസ്ക് VS റിട്ടേൺ**

ഫിനാൻഷ്യൽ ഇൻക്ലൂഷൻ & ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്
റിസർവ് ബാങ്ക് ഓഫ് ഇന്ത്യ
www.rbi.org.in